SREE NARAYANA GURUKULAM HIGHER SECONDARY SCHOOL, CHEMPAZHANTHY

ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

# SNGHSS CHEMPAZHANTHY

# നിലാവ്

SCHOOL YEAR

2025-2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ




/

# ഉള്ളടക്കം


1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. ലക്ഷ്യങ്ങൾ
4. വിദ്യാലയത്തിന്റെ ചരിത്ര
   - സ്ഥല ചരിത്രം
   - വിദ്യാലയ ചരിത്രം
5. ഞങ്ങളുടെ മികവുകൾ
6. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
7. പദ്ധതി രൂപീകരണ പ്രക്രിയ്യാ വിവിധ ഘട്ടങ്ങൾ
8. നിലവിലെ അവസ്ഥാവിശകലനം
9. മികവിന്റെ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ
10. പദ്ധതി വിശദാംശങ്ങൾ
11. പ്രതീക്ഷിത നേട്ടങ്ങൾ
12. ഉപസംഹാരം


/



മാനവ പുരോഗതിക്ക് അറിവിന്റെ ചക്രവാളം തുറന്നു കിട്ടേണ്ടത് അത്യാവശ്യമാണെന്നും സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന അശരണരും അധസ്ഥിതരും ആയവർക്കാണ് സ്വാതന്ത്ര്യം അതിന്റെ പൂർണ രൂപത്തിൽ ലഭ്യമാക്കേണ്ടതും എന്ന് തന്റെ ജ്ഞാനകണ്ണിൽ കണ്ട വിശ്വഗുരുവും സാമൂഹ്യ പരിഷ്ക്കർത്താവുമായ ശ്രീനാരായണ ഗുരുവിന്റെ ജന്മം കൊണ്ട് പരിപാവനമായ ചെമ്പഴന്തിയിൽ അദ്ദേഹത്തിന്റെ തന്നെ നാമധേയത്തിൽ സ്ഥാപിതമായ വിദ്യാലയം **"ശ്രീനാരായണ ഗുരുകുലം ഹയർ സെക്കന്ററി സ്കൂൾ"** അതിന്റെ 59 വർഷങ്ങൾ പിന്നിടുകയാണ്.

നിരവധിയായ വ്യക്തിത്വങ്ങൾ വിദ്യയുടെ ആദ്യാക്ഷരങ്ങൾ നുകർന്ന ഈ വിദ്യാലയത്തിന് കാലത്തിന്റെ ഒപ്പം നടക്കാൻ വികസിത പ്രവർത്തനങ്ങൾ അതിന്റെ പൂർണ രൂപത്തിൽ ആരംഭിച്ചിരിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ശ്രീനാരായണ ഗുരുകുലം ഹയർ സെക്കന്ററി സ്കൂൾ |
| വിലാസം | : ചെമ്പഴന്തി, തിരുവനന്തപുരം, പിൻ : 695587 |
| ഫോൺ | : 0471  2591425,2596425 |
| സ്കൂൾ കോഡ് | : 43022 |
| വിദ്യാഭ്യാസ ഉപജില്ല | : കണിയാപുരം |
| വിദ്യാഭ്യാസ ജില്ല | : തിരുവനന്തപുരം |
| റവന്യൂ ജില്ല | : തിരുവനന്തപുരം |
| ബി ആർ സി | : കണിയാപുരം |
| സി  ആർ സി | : കണിയാപുരം |
| ഗ്രാമ പഞ്ചായത്ത് | : തിരുവനന്തപുരം കോർപറേഷൻ |
| ബ്ലോക്ക് പഞ്ചായത്ത് | : കഴക്കൂട്ടം |
| ലോക സഭ മണ്ഡലം | : തിരുവനന്തപുരം |
| താലൂക്ക് | : തിരുവനന്തപുരം |
| വില്ലേജ് | : ഉളിയാഴത്തുറ |
| ഇ-മെയിൽ | : snghsschempazhanthy@yahoo.in |
| സ്കൂൾ വിക്കി | : snghss |

<u>ആകെ കുട്ടികൾ</u>

| | |
|---|---|
| യു . പി /എച്ച് എസ് | : 275 |
| എച്ച് എസ് എസ് | : 800 |

<u>അധ്യാപകർ</u>

| | |
|---|---|
| യു . പി /എച്ച് എസ് | : 14 |
| എച്ച് എസ് എസ് | : 31 |

<u>അനധ്യാപകർ</u>

| | |
|---|---|
| യു . പി /എച്ച് എസ് | : 4 |
| എച്ച് എസ് എസ് | : 2 |

/

# ലക്ഷ്യങ്ങൾ

**1.**

മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

**2.**

അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക.

**3.**

അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ .

**4.**

അദ്ധ്യാപനവും അദ്ധ്യായനവും സർഗാത്മകവും രസകരവുമാകുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

/

# ചരിത്രം

# സ്ഥല ചരിത്രം

തിരുവനന്തപുരം നഗരത്തിൽ നിന്നും ഏകദേശം 12 കിലോമീറ്റർ അകലെ ദേശീയ പാതയിൽ 2 കിലോമീറ്റർ വടക്കു മാറിയുള്ള ഒരു ഗ്രാമപ്രദേശമാണ് ചെമ്പഴന്തി.

സാമൂഹിക നവോഥാനത്തിന് പ്രധാന പങ്ക് വഹിച്ച ശ്രീനാരായണ ഗുരുവിന്റെ ജന്മത്താൽ പ്രസിദ്ധമാണ് ഈ ഗ്രാമം. ഗുരുവിന്റെ ജന്മഗൃഹമായ വയൽവാരം വീട് പഴമ നഷ്ടപ്പെടാതെ ഇപ്പോഴും സംരക്ഷിച്ചു വരുന്നുണ്ട്.




/

# സ്ഥല ചരിത്രം

ഇവിടം വിദ്യാഭ്യാസത്തിനു അനുയോജ്യമായ തരത്തിലുള്ള അന്തരീക്ഷമാണ്. പ്രൈമറി മുതൽ കോളേജ് തലം വരെയുള്ള വിദ്യാഭ്യാസം ഇവിടെ ലഭിക്കുന്നു.

വയൽവാരം വീടിനോട് ചേർന്ന് നിൽക്കുന്നതാണ് ശ്രീനാരായണ ഗുരുകുലം ഹയർ സെക്കന്ററി സ്കൂൾ.









/

# വിദ്യാലയത്തിന്റെ ചരിത്രം

ലോകാരാധ്യനായ ശ്രീനാരായണ ഗുരുദേവന്റെ ജന്മം കൊണ്ട് പവിത്രമായ ചെമ്പഴന്തിയിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1964-ൽ ഈ സ്കൂൾ ആരംഭിച്ചു.

ബഹുമാന്യനായ ആർ. ശങ്കർ മുഖ്യമന്ത്രി ആയിരിക്കുമ്പോൾ അദ്ദേഹത്തിന്റെ അനുഗ്രഹാശിസുകളോടെ ശ്രീ അച്യുതൻ അവർകൾ ആരംഭിച്ചതാണ് ഈ സ്കൂൾ.

1998-ൽ ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ടതോടുകൂടി അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരു കുട കീഴിലായി വരുന്ന ഗ്രാമീണ വിദ്യാഭ്യാസം എന്ന വേറിട്ട പദവി ശ്രീനാരായണ ഗുരുകുലം സ്കൂളിന് സ്വന്തമായി. തുടർച്ചയായി SSLCയ്ക്ക് 100 ശതമാനം വിജയം കരസ്ഥമാക്കുന്ന വിദ്യാലയമാണിത് .

# വിദ്യാലയത്തിന്റെ ചരിത്രം

ഈ നാട്ടിലെ മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരെ വിദ്യാഭ്യാസ രംഗത്തിന്റെ അയലത്തുപോലും അടുപ്പിക്കാതിരുന്ന ഒരു സാമൂഹിക പശ്ചാത്തലം നിലനിന്നിരുന്ന കാലത്ത് അവരെ വിദ്യയുടെ പൊൻവെളിച്ചത്തിലേയ്ക്ക് കൈപിടിച്ച് ആനയിക്കുക എന്നതായിരുന്നു ഈ സ്ക്രൂളിന്റെ ഉദ്ദേശ്യം.

1964 രണ്ടു ഡിവിഷനുകളായി ആരംഭിച്ച ഈ സ്ക്രൂളിന്റെ ആദ്യത്തെ പ്രഥമാധ്യാപകനും മുഖ്യസാരഥിയും ശ്രീ. ജി സദാനന്ദനായിരുന്നു. സമൂഹത്തിലെ നാനാ തുറകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പലരും ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികളായിരുന്നു.

# വിദ്യാലയത്തിന്റെ ചരിത്രം

ഒരു ഹൈസ്കൂൾ ആയി പ്രവർത്തനം ആരംഭിച്ച ഈ സ്കൂൾ 1998 മുതൽ ഹയർ സെക്കന്ററി ആയി പ്രവർത്തനം തുടങ്ങി.

ഇപ്പോൾ ഇവിടെ ഈ രണ്ടു വിഭാഗങ്ങളിലായി ആയിരത്തിമുന്നൂറോളം കുട്ടികൾ പഠിക്കുന്നു. അൻപത് അധ്യാപകരും അഞ്ചു അധ്യാപകരേതര ജീവനക്കാരും ഇവിടെ സേവനമനുഷ്ഠിക്കുന്നു.

ശ്രീമാൻ അച്യുതൻ തുടങ്ങിയ സ്ഥാപനം പിന്നീട് എസ് എൻ ട്രസ്റ്റ് ഏറ്റെടുത്തു.

എസ് എൻ ട്രസ്റ്റ് ജനറൽ സെക്രട്ടറി ശ്രീ വെള്ളാപ്പള്ളി നടേശൻ ആണ് ഈ സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ.


S
W
O
T
STRENGTHS
WEAKNESSES
OPPORTUNITIES
THREATS

STRENGTH

# ഞങ്ങളുടെ മികവുകൾ

1. ലോകാരാധ്യനായ ശ്രീനാരായണ ഗുരുദേവന്റെ ജന്മഭൂമിയായ ചെമ്പഴന്തിയിൽ ഗുരുകുലത്തിനോട്ചേർന്ന് സ്ഥിതി ചെയ്യുന്ന സരസ്വതി ക്ഷേത്രം.
2. ശ്രീനാരായണ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരത്തെ ഏക ഹയർ സെക്കന്ററി സ്‌ക്കൂൾ. ശ്രീമാൻ വെള്ളാപ്പള്ളി നടേശൻ അവർകൾ മാനേജർ ആയിട്ടുള്ള സ്‌ക്കൂൾ.
3. ചെമ്പഴന്തി ഗ്രാമപ്രദേശത്തെ കുട്ടികൾ വിദ്യാഭ്യാസത്തിന് പ്രധാനമായും ആശ്രയിക്കുന്ന സ്‌ക്കൂൾ.
4. ഗ്രാമീണ അന്തരീക്ഷത്തിൽ പ്രകൃതി രമണീയമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സ്‌ക്കൂൾ.
5. നല്ല ഗതാഗത സൗകര്യം ലഭിക്കുന്ന സ്‌ക്കൂൾ.
6. വിശാലമായ സ്‌ക്കൂൾ ക്യാമ്പസ്.
7. അൻപതോളം പരിചയ സമ്പന്നരായ അധ്യാപകർ.
8. ഹയർ സെക്കന്ററി തലത്തിൽ ബിയോളജി സയൻസ്, കമ്പ്യൂട്ടർ സയൻസ്, കോമേഴ്‌സ്, ഹ്യൂമാനിറ്റിക്സ് എന്നീ വിഷയങ്ങളിലായി 14 ബാച്ചുകൾ.
9. യു. പി, ഹൈസ്‌ക്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിൽ പ്രാധിനിത്യം ഉള്ള പി .ടി .എ .
10. എൻ. സി .സി /എസ് .പി .സി /സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്/ റെഡ് ക്രോസ് യൂണിറ്റുകളുടെ സാന്നിധ്യം.
11. സ്പോർട്സിൽ മികവ് കാണിക്കുന്ന കുട്ടികൾ .

# പോരായ്മകൾ




1. മികവാർന്ന ഒരു കെട്ടിട സമുച്ചയത്തിന്റെ അഭാവം പ്രദേശത്തെ ജനസംഖ്യനുസൃതമായി കുട്ടികളെ ആകർഷിക്കാൻ കഴിയാത്തത്.

2. പെൺകുട്ടികളുടെ എണ്ണത്തിലുള്ള കുറവ്



3. അടിസ്ഥാന വിദ്യാഭ്യാസം ആർജ്ജിക്കാതെ വരുന്ന കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ്.

4. കുട്ടികളുടെ കായികശേഷിയെ പരമാവധി പ്രയോജനപ്പെടുത്തുവാൻ കഴിയാത്തത് .

5. സമൂഹത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് കുട്ടികളുടെ സാംസ്കാരിക തലത്തിലുണ്ടാകുന്ന അപചയം.

# അവസരങ്ങൾ




1. കരുത്തുറ്റ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ നല്ല ഒരു സ്ക്കൂൾ കെട്ടിടം പണി കഴിപ്പിച്ചു കിട്ടുക.
2. ഗവണ്മെന്റ് സഹായത്തോടെ സ്ക്കൂളിൽ റോഡ്, പ്ലേയ്ഗ്രൗണ്ട് തുടങ്ങിയവ നിർമ്മിച്ചു കിട്ടുക .




3. ശ്രീനാരായണ ഗുരുദേവന്റെ തത്വ ശാസ്ത്രങ്ങൾ പഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഉള്ള സംവിധാനം ഒരുക്കുക.
4. മികച്ച കായിക നേട്ടങ്ങൾ കൈവരിക്കുക.
5. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ പ്രദേശത്തെ ഭൂരിഭാഗം കുട്ടികളെയും ആകർഷിച്ച് ഡിവിഷൻ കൂട്ടുക.
6. പ്രദേശത്തെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.



rawpixel

# ഭീഷണികൾ




1. നല്ല ഭൗതിക ഘടനയോട് കൂടിയ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്.

2. വിദ്യാഭ്യാസത്തിനുവേണ്ടി സിറ്റി സ്കൂളുകളെ ആശ്രയിക്കുന്ന പ്രവണത.

3. രക്ഷകർത്താക്കളുടെ സഹകരണക്കുറവ്.

4. Regular Absenteeism (ഹാജർ നിലയിലുള്ള കുറവ്).

5. കുട്ടികൾ പഠനത്തോട് കാണിക്കുന്ന ഉദാസീനത.

6. സേവന മനോഭാവമുള്ള കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്.

7. കഠിന പ്രയത്നം ചെയ്യാനുള്ള കുട്ടികളുടെ മടി.

8. നവ മാധ്യമങ്ങളുടെ അമിതമായ സ്വാധീനം കുട്ടികളിലുണ്ടാകുന്ന പ്രശ്നങ്ങൾ.


9. ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്ന സാമൂഹ്യ വിരുദ്ധരുടെ പ്രവർത്തനങ്ങൾ.

10. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തോട് കുട്ടികളും സമൂഹവും കാണിക്കുന്ന താല്പര്യക്കുറവ്.

# വിദ്യാലയം - മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും, 'വിദ്യാധനം സർവ്വധനാൽ പ്രധാനം', 'വിദ്യകൊണ്ട് പ്രബുദ്ധരാവുക' , 'ജാതി ഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വന വാഴുന്ന മാതൃകാസ്ഥാനമാണിത് ', എന്നീ മഹനീയ ആശയങ്ങൾ ലോകത്തിനു സംഭാവന ചെയ്ത ശ്രീനാരായണ ഗുരുദേവന്റെ കാഴ്ചപ്പാടിനെയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ മാറ്റുക.





2. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കൽ.

4. പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക്പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കൽ.

5. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ടെന്നു ഉറപ്പാക്കൽ.

6. പരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്ക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

<u>പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ</u>



1. എസ് ആർ ജി യോഗത്തിൽ ശ്രീനാരായണ ഗുരുകുലം ചെമ്പഴന്തി സ്‌കൂൾ വിഷൻ2023 എന്ന വികസന കാഴ്ചപ്പാട് - അവതരിപ്പിക്കലും ചർച്ചയും.

2. വികസനാവശ്യങ്ങൾ ക്ലാസ് /വിഷയം അടിസ്ഥാനത്തിൽ ഭൗതികം-അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരട് രൂപരേഖ എസ് ആർ ജി /പി ടി എ , എന്നീ വികസന സമിതി തുടങ്ങിയവരടങ്ങുന്ന ശില്പശാല അവതരിപ്പിക്കൽ.

4. ശില്പശാലയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5. പി ടി എ- യുടെ നേതൃത്വത്തിൽ പദ്ധതി രേഖ തയ്യാറാക്കൽ

# നിലവിലെ അവസ്ഥ വിശകലനം

## ഭൗതിക നേട്ടങ്ങൾ

സ്ഥലം എം എൽ എ യും മുൻമന്ത്രിയുമായ ശ്രീ കടകംപള്ളി സുരേന്ദ്രൻ അവർകളുടെയും ഗ്രാമീണ ബാങ്ക് മാനേജ്മെന്റിന്റെയും സഹകരണത്തോടെ നിർമ്മിച്ച സ്മാർട്ട് റൂം .






മാനേജ്മെന്റിന്റെയും പി.ടി.എ യുടെയും സഹകരണത്തോടെ നിർമ്മിച്ച മിനി ആഡിറ്റോറിയം .

അധ്യാപകരുടെയും മാനേജ്മെന്റിന്റെയും സഹകരണത്തോടെ 14 മുറികളിൽ ഹൈടെക്ക് സംവിധാനം ക്രമീകരിക്കുന്നതിനുള്ള പശ്ചാത്തല വികസന പ്രവർത്തനങ്ങൾ.




സ്ഥലം എം.എൽ. എ യും മുൻമന്ത്രിയുമായ ശ്രീ കടകംപള്ളി സുരേന്ദ്രൻ അവർകളുടെ സഹകരണത്തോടെ ഇന്ത്യൻ ഓയിൽ കോർപറേഷന്റെ സി .എസ്. ആർ പദ്ധതി പ്രകാരം ലഭിച്ച ബസ് .

# നിലവിലെ അവസ്ഥ വിശകലനം

## ഭൗതിക പരിമിതികൾ

- ഓഫീസ് റൂം, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി  എന്നിവയ്ക്ക് മതിയായ സൗകര്യം ഉള്ള കെട്ടിടങ്ങൾ ഇല്ല.
- ശൗചാലയം ആധുനിക രീതിയിലുള്ളതല്ല.
- വാഹന ഷെഡ്ഡ് നിർമ്മിക്കേണ്ടതുണ്ട് .
- ഭോജന ശാല ആവശ്യമാണ്.
- ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്.
- ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.
- വിശാലമായ രീതിയിൽ കളിസ്ഥലത്തെ പുനർനിർമ്മിക്കേണ്ടതുണ്ട്.

# അക്കാദമിക നേട്ടങ്ങൾ

തുടർച്ചയായി എസ് .എസ് .എൽ .സി പരീക്ഷയിൽ 100% വിജയം നിലനിർത്തുന്നു. തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൽ നിന്ന് വരുന്ന ബഹുഭൂരിപക്ഷം കുട്ടികൾക്ക് ഐ.ടി അധിഷ്ഠിതമായി മികച്ച അധ്യാപനം നൽകി വരുന്നു.



# അക്കാദമിക നേട്ടങ്ങൾ




ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് ടു പരീക്ഷയിൽ മുഴുവൻ മാർക്കും നേടിയ അസ്നാ ഷാഫിക്ക് എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക യൂണിയൻ പ്രസിഡന്റും സ്കൂൾ മാനേജ്മെന്റ് നോമിനിയുമായ ഡി. പ്രേംരാജ് ലഡു നൽകുന്നു. പ്ലസ് ടുവിന് 1199 മാർക്ക് നേടിയ അൽഫിയാ സലിം, സ്കൂൾ പ്രിൻസിപ്പൽ മായ ദേവി ബി. എസ്, ശ്രീനാരായണ ഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് പ്രിൻസിപ്പൽ എസ്. ആർ. ജിത, എസ്.എൻ ട്രസ്റ്റ് അംഗവും എസ്.എൻ.ഡി.പി യോഗം ഡയറക്ടർ ബോർഡ് അംഗവുമായ ചെമ്പഴന്തി ജി. ശശി തുടങ്ങിയവർ സമീപം

കേരളം സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഉള്ള സൈക്ലിംഗ് വിഭാഗ (ആൺ/പെൺ) സ്പോർട്സ് ഹോസ്റ്റൽ സൗകര്യം.







സോഫ്റ്റ് ബോൾ, ബേസ് ബോൾ കുട്ടികളെ ജില്ല, സംസ്ഥാന, ദേശീയ തലം വരെ പങ്കെടുപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ള മികച്ച കായിക പരിശീലനം ഈ വിദ്യാലയത്തിൽ നിന്ന് നൽകുന്നു.

# അക്കാദമിക നേട്ടങ്ങൾ





കുട്ടികളിൽ അച്ചടക്കവും പൗരബോധവും വളർത്തുന്നതിനും, സേവന മനോഭാവം ഉണ്ടാക്കുന്നതിനും N.C.C/S.P.C/ Scouts & Guides/ J.R.C എന്നി യൂണിറ്റുകൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തന നേട്ടങ്ങൾ സ്കൂളിനും സമൂഹത്തിനും ലഭിച്ചു കൊണ്ടിരിക്കുന്നു.

കുട്ടികൾക്ക് വേണ്ടി റിസോഴ്സ് ടീച്ചറുടെ സേവനം സ്കൂളിൽ ലഭ്യമാണ്.

കുട്ടികളുടെ മനോഭാവ രൂപീകരണം ഉറപ്പു വരുത്തുന്നതിന് വേണ്ടി 'സൗഹൃദ ക്ലബ്'



സൗഹൃദ ക്ലബ്

അഭിരുചിക്കനുസരിച്ച് പ്രവർത്തന മേഖല കണ്ടെത്തുവാനുള്ള 'കരിയർ ഗൈഡൻസ്'




യുവ തലമുറയെ ലഹരിയിൽ നിന്നും മുക്തമാക്കുന്നതിനും സമൂഹത്തിൽ ലഹരിയുടെ ഉപയോഗം തടയുന്നതിനും വേണ്ടി രൂപീകരിച്ചിരിക്കുന്ന 'ലഹരി വിരുദ്ധ ക്ലബ് ' എന്നിവ പ്രവർത്തിച്ചു വരുന്നു.



# അക്കാദമിക പരിമിതികൾ



യു.പി/ഹൈസ്ക്കൂൾ/ഹയർ സെക്കന്ററി വരെയുള്ള ഈ വിദ്യാലയത്തിൽ ദേശീയ തലം വരെ മികവ് പ്രകടിപ്പിക്കുന്ന കുട്ടികൾ ഉണ്ടെന്നിരിക്കലും കായികാദ്ധ്യാപകന്റെ കുറവ് ശ്രദ്ധിക്കപ്പെടേണ്ടതാണ്

- വിവിധ മത്സര പരീക്ഷകളിലെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്.
- സ്ക്കൂൾ ഗ്രന്ഥശാല നവീകരണ.
- ലബോറട്ടറികളുടെ ആധുനിക വത്കരണം.
- കരകൗശല, കല അദ്ധ്യാപകരുടെ അഭാവം



## മികവിനായി ഏറ്റെടുക്കേണ്ടുന്ന പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ



**അക്കാദമികം**

1. മാതൃഭാഷ ശേഷി വികസനം
2. നാടക ശില്പശാല
3. സംസ്കൃത പഠന പരിപോഷണം
4. ഇംഗ്ലീഷ് പഠന പരിപോഷണം
5. രാഷ്ട്രഭാഷ പഠന പരിപോഷണം
6. ലൈബ്രറി നവീകരണം
7. ശാസ്ത്ര അഭിരുചി വളർത്തൽ
8. ജൈവ വൈവിധ്യ ഉദ്യാനം
9. പച്ചക്കറിത്തോട്ടം
10. ശാസ്ത്ര പ്രദർശനം
11. ലബോറട്ടറി ആധുനിക വത്ക്കരണം
12. ഗണിത ശേഷി വികസനം
13. ഗണിത ലാബ്
14. ഗണിതാന്തരീക്ഷമൊരുക്കൽ
15. സാമൂഹികശാസ്ത്ര പരിപോഷണം
16. പഠനയാത്രകൾ
17. ഡിബേറ്റ് ക്ലബ്
18. മോക്ക് പാർലമെന്റ്
19. കായിക ശാക്തീകരണം
20. കല പ്രവൃത്തി പരിചയ പഠനം
21. ദിനാചരണങ്ങൾ

## മികവിനായി ഏറ്റെടുക്കേണ്ടുന്ന പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

# ഭൗതികം

- ആധുനിക സംവിധാനങ്ങൾ അടങ്ങിയ സ്കൂൾ കെട്ടിടം
- വിശാലമായ ആഡിറ്റോറിയം
- ടാർ ഇട്ട റോഡ്
- വാഹന പാർക്കിംഗ് ഷെഡ്
- മഴ വെള്ള സംഭരണി
- കുടിവെള്ള സൗകര്യം
- ആധുനിക സൗകര്യങ്ങളോടുകൂടിയ ടോയ്ലറ്റുകൾ
- ഡൈനിങ്ങ് ഹാൾ
- മാലിന്യ സംസ്കരണ പ്ലാന്റ്
- മൾട്ടിപർപ്പസ് സ്റ്റേഡിയം
- സൗരോർജ്ജ പാനൽ
- എൻ.സി.സി. എസ്.പി.സി  പരിശീലന സൗകര്യം

/

## മികവിനായി ഏറ്റെടുക്കേണ്ടുന്ന പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

### സാമൂഹികം

- വിദ്യാലയ വികസന സമിതി
- പൂർവ വിദ്യാർത്ഥി സംഘടന
- പൂർവ അദ്ധ്യാപക സംഘടന
- പ്രാദേശിക പി .ടി .എ
- വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ
- എൻട്രൻസ്, പി .എസ് .സി പരിശീലനം

/

## പദ്ധതി വിശദാംശങ്ങൾ

ശ്രീനാരായണ ഗുരുകുലം ഹയർ സെക്കന്ററി സ്കൂളിന്റെ 2025-26 വർഷത്തേക്കുള്ള സമഗ്ര വികസനത്തിന് ഉതകുന്ന അക്കാദമികവും ഭൗതികവും സാമൂഹികവുമായ സ്വപ്ന പദ്ധതികളാണ് ഇതോടൊപ്പം ചേർത്തിരിക്കുന്നത്.

മലയാളം

UPPER PRIMARY

**പഠനനേട്ടം:**

അക്ഷരസ്പുടതയോടും ഒഴുക്കോടും ആശയവ്യക്തതയോടും ഉള്ള വായന

**പ്രവർത്തനങ്ങൾ:**

1. **വായിക്കാം, എഴുതാം**

   നിശബ്ദ വായന, കൂട്ടുകാർക്ക് മുന്നിൽ, വായനക്കാർഡ് നൽകുന്നു കുട്ടി രക്ഷിതാവിനെ വായിച്ചു കേൾപ്പിക്കുന്നു

2. **തുടർപ്രവർത്തനങ്ങൾ**

   കുട്ടികൾക്ക് കഥാപുസ്തകങ്ങൾ നൽകുന്നു. നിശബ്ദ വായന, വായിച്ചറിഞ്ഞ ആശയം പറയൽ, ആവശ്യമെങ്കിൽ ആവർത്തന വായന

3. **ആശയം പറയാം**

   കുട്ടിക്ക് വായനക്കാർഡ് നൽകുന്നു

   വായനക്കാർഡ് രക്ഷിതാവിനെ വായിച്ചു കേൾപ്പിക്കുന്നു.

   വായിച്ച ആശയം രക്ഷിതാവിനു പറഞ്ഞു കൊടുക്കുന്നു

4. **വായിക്കാം അഭിപ്രായം പറയാം**

   കഥാപുസ്തകങ്ങൾ വായിച്ചു കേൾപ്പിച്ച് കഥാപാത്രങ്ങളെ കുറിച്ച് അഭിപ്രായം പറയാം

മലയാളം

UPPER PRIMARY

**പ്രവർത്തനങ്ങൾ:**

5. **വായിക്കാം അഭിപ്രായം പറയാം**

   കഥാപുസ്തകങ്ങൾ വായിച്ച് കഥാപാത്രങ്ങളെക്കുറിച്ച് അഭിപ്രായം പറയാം.

6. **ക്ലാസ്സ്‌റൂം ലൈബ്രറി**

   ക്ലാസ്സ്‌റൂം ലൈബ്രറി ഒരുക്കുന്നു. ഒരാളെ ലൈബ്രേറിയൻ ആക്കുന്നു. പുസ്തകവിതരണം, വായന, വായനാനുഭവം പങ്കുവയ്ക്കൽ, വായനക്കുറിപ്പ്

7. **എന്തെല്ലാം കാഴ്ചകൾ**

   രക്ഷിതാവിന്റെ സഹായത്തോടെ പരിസരം നിരീക്ഷിച്ച് കുറിപ്പെഴുതുന്നു

8. **കവിത പൂർത്തിയാക്കാം - പാടി അവതരിപ്പിക്കാം**

   കവിത പൂർത്തിയാക്കാൻ അവസരം കൊടുക്കൽ. പാടി അവതരിപ്പിക്കൽ, കവിതയ്ക്ക് ഈണം നൽകൽ, കൂടുതൽ വരി കൂട്ടിച്ചേർക്കൽ.

9. **സർഗ്ഗാത്മക രചന**

   കുട്ടിയ്ക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥയെഴുതാൻ അവസരം. കുട്ടിയുടെ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ, നിർദ്ദേശങ്ങൾ നൽകുന്നു. കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു. കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു.







| **മാസം** | ലക്ഷ്യം | പ്രവർത്തനം |
|---|---|---|
| ജൂൺ | മാതൃഭാഷയിലെ വിവിധ ശേഷിയുടെ വികാസത്തിനായി സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | മാതൃഭാഷയിലെ വിവിധ ശേഷിയുടെ വികാസത്തിനായി സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ |
| ജൂലൈ | ബ്ലോഗ് തുടങ്ങി നവ മാധ്യമങ്ങളിലൂടെ കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നു | കുട്ടികളുടെ മികച്ച രചനകളായ കഥ, കവിത, ഉപന്യാസം, പോസ്റ്റർ എന്നിവ ബ്ലോഗിൽ ചേർക്കൽ |
| ഓഗസ്റ്റ് | ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക. അതിലൂടെ ഭാഷാവികസനം നേടുന്നു | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന/എഴുത്ത്, അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ |

| മാസം | ലക്ഷ്യം | പ്രവർത്തനം |
| --- | --- | --- |
| സെപ്റ്റംബർ | ഗ്രന്ഥശാല ശാക്തീകരണത്തിലൂടെ വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കുന്നു | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ തയ്യാറാക്കൽ |
| ഒക്ടോബർ | നാടകകളരിയിലൂടെ ഒരു സാഹിത്യരൂപത്തെ മറ്റൊരു രീതിയിലാക്കുന്നു | പരിചയപ്പെട്ട ബാലസാഹിത്യനോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കാരണം |
| നവംബർ | സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ, സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ |

**മലയാളം**

**HIGH SCHOOL**

| **മാസം** | **ലക്ഷ്യം** | **പ്രവർത്തനം** |
|---|---|---|
| ഡിസംബർ | ഭാഷാപരമായ ശേഷികളുടെ സമഗ്രവികസനം, കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകമായി അവതരിപ്പിക്കാനുള്ള കഴിവ് നേടുന്നു |
| ജനുവരി | വിവിധ ശേഷികളുടെ വികസനത്തിനായി ദിനാചരണങ്ങൾ നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജെ യിൽ രൂപപ്പെടുത്തുന്നു |
| ഫെബ്രുവരി | പിന്നോക്കക്കാരായ 8,9,10 ക്ലാസ്സുകളിലെ കുട്ടികൾക്ക് പരിശീലനം | പൊതുപരീക്ഷകൾക്ക് മുൻപായി ഒരു മാസം നീണ്ടുനിൽക്കുന്ന പരിശീലനം നൽകുന്നു |
| മാർച്ച് | ക്ലാസ് ലൈബ്രറി നവീകരണം | ജന്മദിനത്തിനൊരു പുസ്തകം - ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ക്ലാസ് ലൈബ്രറിക്ക് പുസ്തകം നൽകുന്നു |




## UPPER PRIMARY

### ലക്ഷ്യങ്ങൾ

1. അറബിക് ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക
2. സർഗാത്മക രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ
3. വായനാശീലം വർധിപ്പിക്കൽ

### പ്രവർത്തനങ്ങൾ

1. എഴുതാനും വായിക്കാനും ബുദ്ധിമുട്ടുള്ള കുട്ടികളെ കണ്ടെത്തി അവരെ വായിക്കാനും എഴുതാനും പ്രാപ്തരാക്കുന്നു.
2. അറബിയിൽ എന്നാണ് പഠിപ്പിക്കുന്നു.
3. അറബിയിൽ ഒരു വാക്ക് എഴുതിയിട്ട് മറ്റു ഭാഷകളിൽ ആ വാക്കിനുള്ള അർഥം കണ്ടുപിടിക്കാൻ ആവശ്യപെടുന്നു.
4. അറബി കഥകൾ, കവിതകൾ, എന്നിവ ഏഴാം ക്ലാസ്സിലെ കുട്ടികളെ കൊണ്ട് തയാറാക്കിക്കുന്നു.
5. ദിനാചരണങ്ങൾ വരുന്ന ദിവസങ്ങളിൽ അറബിയിൽ പോസ്റ്റർ തയാറാക്കിക്കുന്നു .







ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ മുഴുവൻ വിദ്യാർത്ഥികളേയും വായനയുടെയും എഴുത്തിന്റെയും ലോകത്തേയ്ക്ക് കൈപിടിച്ചു ഉയർത്തൽ, സാഹിത്യപരമായി സവിശേഷ പ്രതിഭയുള്ളവരെ അതിന്റെ പൂർണ്ണതയിലെത്തിക്കാൻ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി പഠനോപകരണങ്ങൾ, ഐ സി ടി എന്നിവ ഫലപ്രദമായി ഉപയോഗിക്കൽ, ഭാഷയോട് ആദരവും സ്നേഹവും വളർത്തൽ എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പദ്ധതികളാണ് തയാറാക്കിയിരിക്കുന്നത്.

**<u>ലക്ഷ്യങ്ങൾ</u>**

1. എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്നും, എഴുതുന്നുവെന്നും ഉറപ്പാക്കൽ.
2. ഭാഷാശേഷിയുടെ വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തൽ
3. രചനാപരമായ കഴിവ് വളർത്തുക
4. എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
5. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി എഴുത്തിന്റെയും, വായനയുടെയും സാധ്യത കണ്ടെത്തൽ







## <u>പ്രവർത്തന പദ്ധതി</u>

**<u>ജൂൺ</u>**

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തുന്നു
2. അക്ഷരം ഉറപ്പിക്കൽ

   ചിത്രങ്ങളിലൂടെ അക്ഷരം ഉറപ്പിക്കുന്നു
3. അടയാളങ്ങൾ ഉറപ്പിക്കുന്നു

   ചിത്ര സഹായത്തോടെ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

   അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ

   വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കുന്നു

**<u>ജൂലൈ</u>**

4. ചിത്രം അടിക്കുറിപ്പ്

   ചിത്രം നൽകി പറയിപ്പിക്കുന്നു
5. കഥ ബാക്കി പറയിക്കൽ

   കഥയുടെ കുറച്ചു ഭാഗം നൽകുന്നു. ബാക്കി ഭാഗം പറയിപ്പിക്കുന്നു, എഴുതുന്നു

**<u>ഓഗസ്റ്റ് /സെപ്റ്റംബർ</u>**

6. CD പ്രദർശനം

   ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു

   ഓരോ ചിത്രങ്ങളെ കുറിച്ച് പറയുവാനും എഴുതുവാനും അവസരം നൽകുന്നു.







## <u>പ്രവർത്തന പദ്ധതി</u>

### <u>ഒക്ടോബർ/നവംബർ</u>

7. ദിനാചരണങ്ങൾ

   ആചരിക്കേണ്ട പ്രധാന ദിനങ്ങൾ കലണ്ടർ ആക്കൽ

### <u>ഡിസംബർ</u>

8. പൊതുവായും വിഷയാധിഷ്ഠിതമായി ദിനങ്ങളെ തരംതിരിക്കൽ
9. അക്ഷര കാർഡ്

   അക്ഷരങ്ങൾ കൊണ്ട് പദരൂപീകരണം

   പദങ്ങളും, ചിത്രങ്ങളും, സുഭാഷിത പരിചായനം,

   പരിസ്ഥിതി ദിന പോസ്റ്റർ നിർമ്മാണം

# ഹിന്ദി UPPER PRIMARY हिंदी

2023-24 അധ്യയന വർഷത്തെ വാർഷിക പദ്ധതികളിൽ താഴെ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ ഹിന്ദി ഭാഷ പരിപോഷിപ്പിക്കുന്നതിനു വേണ്ടി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

**<u>പ്രവർത്തനങ്ങൾ</u>**

1. കുട്ടികളിൽ എഴുതാനും വായിക്കാനും പുറകിൽ നിൽക്കുന്നവരെ കണ്ടെത്തി നന്നായി എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുക
2. ക്ലാസ്സുകളിൽ ഒരുവാക്ക് എഴുതികൊണ്ടു വരുകയും അത് പ്രദർശിപ്പിക്കുകയും ചെയ്യുന്നു
3. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ തയ്യാറാക്കുന്നു
4. ഹിന്ദി അസംബ്ലി നടത്തുന്നു
5. ക്ലാസ്സിൽ ഹിന്ദിയുമായി ബന്ധപ്പെട്ട് കവിതകൾ, കഥകൾ തുടങ്ങിയവ എഴുതിയ കാർഡുകൾ നിർമ്മിക്കുന്നു

# ഹിന്ദി







**<u>പ്രവർത്തനങ്ങൾ</u>**

1. അക്ഷരമാല എല്ലാ കുട്ടികളെയും പഠിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.
2. അക്ഷര മോഡലുകളും ചാർട്ടുകളും ഉപയോഗിക്കും.
3. എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പഠിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി ചെറിയ വാക്കുകളും വാക്യങ്ങളും അടങ്ങിയ ഫ്ലാഷ് കാർഡുകളുടെ ചാർട്ടുകളും ഉപയോഗിക്കുന്നു.
3. ഹിന്ദി ദിനചരണവും അസ്സംബ്ലിയും സംഘടിപ്പിക്കും .
4. കവികളുടെ ആൽബം തയാറാക്കും.
5. മഹത്‌വ്യക്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി കൊണ്ട് പേപ്പർ പ്രസന്റേഷൻ സംഘടിപ്പിക്കും.
6. സുരീലി ഹിന്ദി പതിപ്പിന്റെ സഹായത്തോടെ ചെറുകഥകളും കവിതകളും ക്ലാസ്സിൽ അവതരിപ്പിക്കും.

# ഇംഗ്ലീഷ് UPPER PRIMARY ENGLISH

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസനം.
- ഇംഗ്ലീഷ് തെറ്റുകൂടാതെ വായിക്കാനും എഴുതാനുമുള്ള ശേഷി നേടൽ
- സ്വന്തം ആശയങ്ങൾ സ്ഥലകാല സാഹചര്യങ്ങൾക്ക് അനുസരിച്ച് തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നു.
- കാണുന്നതും കേൾക്കുന്നതും ഗ്രഹിക്കാനുള്ള കഴിവ് വളർത്തുക
- ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനും അവയുടെ ഭാഷാ നൈപുണ്യം വളർത്താനുമുള്ള ആവേശം കുട്ടികളിൽ ഉണ്ടാക്കുക.

## പ്രവർത്തനങ്ങൾ

1. ഇംഗ്ലീഷ് അസംബ്ലി - ആഴ്ചയിൽ രണ്ടു ദിവസം ഓരോ ക്ലാസും അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക
2. ഇംഗ്ലീഷ് ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ
3. ഇംഗ്ലീഷ് ഡയറി എഴുത്ത് - ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറി എഴുതുക
4. ഇംഗ്ലീഷ് ന്യൂസ് റീഡിങ്
5. ഇംഗ്ലീഷ് ഫെസ്റ്റ്
6. ലൈബ്രറിയിൽ ഇംഗ്ലീഷ് മാസികകളും പത്രങ്ങളും ഉൾക്കൊള്ളിക്കൽ
7. Skit , Screenplay , Welcome Speech, Vote of thanks , Seminar, Presentation, Magazine
8. ചുമർപത്രിക, പതിപ്പ്, Story writing, Announcement
9. Awareness Programme , Debate
10. Notice , Quiz









**Yearly Activity :-**

- Listening, speaking, reading, writing LSRW- ഈ 4 skills കുട്ടികളിൽ develop ചെയ്യുന്നതിനു വേണ്ടിയുള്ള എല്ലാ activities ഉം കുട്ടികൾക്ക് കൊടുക്കുന്നു.

**Monthly Activity:-**

- English language ൽ ഉള്ള പലതരം discourses, grammar based activities, language acquisition programs etc monthly wise ആയിട്ട് നടത്തുന്നു.

**Academic Calender**

- June - Enhancement of reading, writing skills
- July - Composition based on verbal stimulus. ഓരോ കുട്ടിയുടെയും Reading, writing skills improve ചെയ്യിപ്പിക്കാനും composition കിട്ടിയാൽ, അത് comprehend ചെയ്ത് answers കണ്ടുപിടിക്കുവാനും ഉള്ള activities കൊടുക്കുന്നു
- August - Notice Preparation കുട്ടികളെ കൊണ്ട് ചെയ്യിക്കുന്നു .
- September- അൺseen passages കൊടുത്തുകൊണ്ട് comprehension questions കൊടുത്തുകൊണ്ട് /









**<u>Academic Calender</u>**

- October - Composition based on visual stimulus

  Diagrams കൊടുക്കുകയും അത് മനസിലാക്കിയിട്ട് comprehension questions ചെയ്യുന്നതുമാണ് ഉദ്ദേശിക്കുന്നത്

- November - Layout of formal and informal letters

  കുട്ടികൾക്ക് explain ചെയ്ത് മനസ്സിലാക്കിപ്പിക്കുന്നു. Examples കൊടുക്കുകയും, home assignments കുട്ടികൾക്ക് കൊടുക്കുകയും ചെയ്യുന്നു.

- December - Activities regarding completion of paragraphs and dialogues.

  Examples കൊടുക്കുകയും, dialogue completion questions, paragraph completion questions കുട്ടികൾക്ക് കൊടുക്കുകയും ചെയ്യുന്നു.

- January - News headlines - Paragraph കൊടുത്തിട്ട് അതിൽനിന്ന് news ന് headlines എഴുതാനുള്ള കഴിവ് കുട്ടികളിൽ ഉണ്ടാക്കുന്നു.

- February - Word map construction കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കുന്നു.

  Chart paper ൽ word map construction ചെയ്യുവാൻ ആവശ്യപ്പെടുന്നു.

- March - Continuous Evaluation of students.

# ഗണിതം

## UPPER PRIMARY

MATHEMATICS

- ഗണിതം കുട്ടികളിൽ കൂടുതൽ താത്പര്യമുണ്ടാകുന്ന ലളിതമായ പ്രവർത്തനങ്ങൾ
- ഗണിത കളികൾ
- ഗണിത നാടകങ്ങൾ, എന്നിവ ഉൾപ്പെടുന്നു
- എല്ലാ കുട്ടികൾക്കും ചതുഷ് ക്രിയകൾ അറിയാമെന്ന് ഉറപ്പു വരുത്തുന്നു. ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് വേണ്ടി സ്പെഷ്യൽ ക്ലാസ്സ്
- ഗണിത ആകൃതികൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള പൂന്തോട്ട നിർമ്മാണം, പാർക്ക്
- കലണ്ടർ നിർമ്മാണം
- ക്ലോക്ക് നിർമ്മാണം, തുടങ്ങിയ പ്രവർത്തനങ്ങൾ

SparkleBox © Copyright 2008, SparkleBox Teacher Resources (www.sparklebox.co.uk)

# ഗണിതം







- ഗണിതത്തോടുള്ള അഭിരുചി വളർത്തുന്നതിനും ചതുഷ്ക്രിയകൾ നന്നായി കൈകാര്യം ചെയ്യുന്നതിനും പട്ടിക അറിയാത്തവരെ പഠിപ്പിക്കുന്നതിനും മുൻഗണന നൽകുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത്.
- ഗണിത താല്പര്യം വർദ്ധിപ്പിക്കുന്നതിനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ഇതുവഴി കഴിയും .
- ക്ലബ് പ്രവർത്തനങ്ങളിലൂടെയും മേള നടത്തുന്നതിലൂടെയും മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടിയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- സ്കൂൾതല മേള കുറച്ചുകൂടി കാര്യക്ഷമമായി നടത്തുന്നതിന് തീരുമാനിച്ചു.
- ജില്ലാ സംസ്ഥാന മേളകളിൽ മുൻവർഷത്തേക്കാൾ മെച്ചമായ പ്രകടനം കാഴ്ചവഞ്ഞതിന് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു .

# അടിസ്ഥാന ശാസ്ത്രം

UPPER PRIMARY

## ലക്ഷ്യങ്ങൾ

- ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ
- ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക
- ശാസ്ത്രരംഗത്തെ ട തന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക
- പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണങ്ങളിൽ കൂടുതൽ താല്പര്യം ഉണ്ടാക്കുക.

## പ്രവർത്തങ്ങൾ

- സയൻസ് ഡയറി ഓരോ കുട്ടികളെ കൊണ്ടും തയ്യാറാക്കുന്നു
- ശാസ്ത്രക്ലി ിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങൾ ബന്ധപ്പെടുത്തി പ്രൊജക്റ്റ് തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.
- സ്ക്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു
- ഝ്ഥ യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ, പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട് കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രസന്റേഷൻ.

## ലക്ഷ്യങ്ങൾ

- **1) അന ത കണ്ണിലൂടെ :** കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക

## പ്രവർത്തങ്ങൾ

- ല പരീക്ഷണങ്ങൾ സഹപാടികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു.
- മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്ന.
- പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം.
- ക്ലാസ്സുകളിൽ ല പ്രൊജക്റ്റ് കൊടുത്ത് മെച്ചപ്പെട്ടത് സ്ക്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു.

- **കാലം : അക്കാദമിക വർഷം**
- **ചുമതല : സയൻസ് അധ്യാപകർ**
- **സാമ്പത്തിക വിശകലനം : പി .ടി . എ**







## <u>ലക്ഷ്യങ്ങൾ</u>

- 
- **2) ശാസ്ത്രലോകത്തേയ്ക്ക്** : നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു .

## പ്രവർത്തങ്ങൾ

- ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.
- വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.
- ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു .
- **കാലം : അക്കാദമിക വർഷം/1 തവണ**
- **ചുമതല : സയൻസ് അധ്യാപകർ**
- **സാമ്പത്തിക വിശകലനം : പി .ടി . എ /സയൻസ് ക്ലബ്**



**<u>ലക്ഷ്യങ്ങൾ</u>**

- 
- **3) ഹൈടെക് വേൾഡ് :** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക

.

**പ്രവർത്തങ്ങൾ**

- ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം.
- സയൻസ് ലാബ്, ഐ ടി ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു.

- **കാലം : അക്കാദമിക വർഷം**
- **ചുമതല : സയൻസ് അധ്യാപകർ**
- **സാമ്പത്തിക വിശകലനം : പി .ടി . എ /മാനേജ്മെന്റ്**

/

## ലക്ഷ്യങ്ങൾ

- 4) **ആയുർരേഖ** : പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക

- ## പ്രവർത്തങ്ങൾ
- കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു .

- **കാലം** : **അക്കാദമിക വർഷം**
- **ചുമതല** : **സയൻസ് അധ്യാപകർ**
- **സാമ്പത്തിക വിശകലനം** : **പി .ടി . എ /മാനേജ്മെന്റ്**



## <u>ലക്ഷ്യങ്ങൾ</u>

**5) വൈജ്ഞാനിക ബഹിർസ്വരണം** : അന്വേഷണ ത്വര വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ

## പ്രവർത്തങ്ങൾ

- തണൽ ങ്ങക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ൾ ഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ.
- സല ർണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്
- പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.
- സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രൊജക്റ്റ് മുതലായവയിൽ പങ്കെടുക്കുന്നു.
- ശാസ്ത്രകാരന്മാരുമായി സംവദിക്കൽ

- **കാലം** : **അക്കാദമിക വർഷം**
- **ചുമതല** : **ആരോഗ്യ ക്ലബ് , ഹരിത സേന സീഡ് /സയൻസ് ക്ലബ്**
- **സാമ്പത്തിക വിശകലനം** : **ആരോഗ്യ ക്ലബ് , ഹരിത സേന സീഡ് /സയൻസ് ക്ലബ്**

# UPPER PRIMARY




## സാമൂഹ്യശാസ്ത്രം

## പഠനയാത്രകൾ

**ലക്ഷ്യം:-**

പഠനയാത്രകളിലൂടെ ചരിത് രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്രകലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ

**പ്രവർത്തനം:-**

സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ

| | | |
|---|---|---|
| കാലം | : | 1 തവണ |
| സാമ്പത്തികം | : | പി ടി എ , അധ്യാപകർ, വിദ്യാർത്ഥികൾ |
| ചുമതല | : | എസ് എസ് അദ്ധ്യാപിക , നേച്ചർ ക്ലബ് |

UPPER PRIMARY




സാമൂഹ്യശാസ്ത്രം

## മോക്ക് പാർലമെന്റ്

**ലക്ഷ്യം:-**

ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ

**പ്രവർത്തനം:-**

പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി ക്യാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം . തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ

| | | |
|---|---|---|
| കാലം | : | വർഷത്തിൽ-2 |
| സാമ്പത്തികം | : | പി ടി എ |
| ചുമതല | : | എസ് എസ് അദ്ധ്യാപിക , സ്കൂൾ പാർലമെന്റ് ഭാരവാഹികൾ |

Social Science

HIGH SCHOOL

# സാമൂഹ്യശാസ്ത്രം

**ലക്ഷ്യം:-**

- സാമൂഹ്യശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക

**പ്രവർത്തനം:-**

- ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു
- ലഹരി വിരുദ്ധ മനോഭാവം, മദ്യം, പുകയില,മയക്കുമരുന്ന്, ലഹരിപദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം പുതുതലമുറയുടെ ആരോഗ്യം തകർക്കുന്നു എന്ന തിരിച്ചറിവ് കുട്ടികൾക്ക് നൽകുവാനായി ല കുറിപ്പുകൾ, ക്ലബ്ബുകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു .
- ഹിരോഷിമ, നാഗസാക്കി ദിനാചരണത്തിന്റെ ഭാഗമായി സഡാക്കോ കൊക്ക് നിർമ്മാണം, പ്രസന്റേഷൻ എന്നിവ സംഘടിപ്പിക്കുന്നു.
- കുട്ടികളെ അവരവരുടെ ക്ലാസ്സിലെ പാഠപുസ്തകങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ കണ്ടെത്തുവാനും പ്രാപ്തരാക്കുന്നു.
- വ്യക്തിഗതമായി കണ്ടെത്താൻ ബുദ്ധിമുട്ട് ഉള്ള കുട്ടികളെ പിയർ ഗ്രൂപ്പിന്റെ സഹായത്തോടെ പരിഹാരബോധനം നടത്തുന്നതിനും തീരുമാനിച്ചു.
- ഓരോ ക്ലാസ്സിലും നേടേണ്ട പഠനനേട്ടങ്ങൾ കുട്ടി നേടി എന്ന് ഉറപ്പു വരുത്താൻ യൂണിറ്റിന്റെ അവസാനം മൂല്യനിർണ്ണയം നടത്തുവാനും തീരുമാനിച്ചു .

| | | |
|---|---|---|
| കാലം | : | അക്കാദമിക |
| സാമ്പത്തികം | : | പി ടി എ |
| ചുമതല | : | എസ് എസ് അദ്ധ്യാപിക |

/

# ജന്മദിനത്തിന് ഒരു പുസ്തകം




## ലക്ഷ്യങ്ങൾ

1. ക്ലാസ് ലൈബ്രറിയുടെ നവീകരണം


## പ്രവർത്തനങ്ങൾ

1. ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു





## <u>മെഡിക്കൽ ക്യാമ്പ്</u>




### <u>ലക്ഷ്യങ്ങൾ</u>

1. ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ

### <u>പ്രവർത്തനങ്ങൾ</u>

1. വൈദ്യ പരിശോധന - വർഷത്തിൽ ഒന്ന്



# ഭൗതീകം

സ്ക്രൂളിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങളും ഭൗതിക സാഹചര്യങ്ങളും ഉറപ്പു വരുത്തേണ്ടതാണ്

**ലക്ഷ്യങ്ങൾ**

- കാര്യക്ഷമമായ ക്ലാസ് റൂം പഠനം സാധ്യമാക്കുക
- മാസ്സ് കമ്മ്യൂണിക്കേഷൻ സാധ്യമാക്കുക
- സ്ക്രൂളിന്റെ വാഹനങ്ങൾ സുരക്ഷിതമായി പാർക്ക് ചെയ്യുക
- സ്ക്രൂളിൽ ശുദ്ധമായ കുടിവെള്ളം തടസ്സം കൂടാതെ ലഭ്യമാക്കുക
- ആരോഗ്യപരമായ ടോയ്ലറ്റ് സൗകര്യം ഉറപ്പിക്കുക
- ഉച്ച ഭക്ഷണ സംവിധാനം മെച്ചപ്പെടുത്തുക
- മാലിന്യമുക്തമായ സ്ക്രൂൾ പരിസരം ഉറപ്പാക്കൽ
- കായിക വിദ്യാഭ്യാസ കാര്യക്ഷമമായി നടത്തുക
- പ്രകൃതി സ്നേഹവും പരിസര സൗഹൃദവും വളർത്തുക
- ഇടമുറിയാതെ വൈദ്യുതി ലഭ്യമാക്കൽ

# ഭൗതികം

**പ്രവർത്തനങ്ങൾ**

- അത്യാധുനിക സംവിധാനങ്ങളടങ്ങിയ 40 മുറികൾ ഉള്ള ഒരു കെട്ടിടം നിർമ്മിക്കുക - 3 വർഷം
- ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ഓഡിറ്റോറിയം - 1 വർഷം
- വാഹന പാർക്കിംഗ് ഷെഡ കൾ/കെട്ടിടങ്ങൾ - 1 വർഷം
- മഴവെള്ള സംഭരണി നിർമ്മിക്കുക /കിണറുകൾ ഞ്ഞിയാക്കി ശുദ്ധജലം ഉറപ്പുവരുത്തുക - 1 വർഷം
- സർക്കാർ ജലവിതരണ യേ ാതസ്സുകൾ പൂർണമായി ഉപയോഗിക്കുക - 1 വർഷം
- ആധുനിക സൗകര്യങ്ങളോട് കൂടിയ ടോയ്ലറ്റ് നിർമ്മിക്കുക -1 വർഷം
- ഉച്ച ഭക്ഷണ വിതരണത്തിന് യോജ്യമായ ഒരു ഡൈനിങ്ങ് ഹാൾ നിർമ്മിക്കുക - 1 വർഷം
- മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - 1 വർഷം
- മൾട്ടി പെർപ്പസ് സ്റ്റേഡിയം നിർമ്മിക്കുക - 2 വർഷം
- ജൈവൈവിധ്യ ഉദ്യാനം സജ്ജീകരിക്കുക - 2 വർഷം
- സൗരോർജ്ജ പാനൽ തയ്യാറാക്കുക - 12 വർഷം
- ജെ ആർ സി / സ്കൗട്ട്സ് /ഗൈഡ്സ് സൗകര്യങ്ങൾ - 1 വർഷം

/

# ഭൗതീകം

**<u>പ്രതീക്ഷിത നേട്ടങ്ങൾ</u>**

- മികച്ച വിദ്യാലയമായി മാറുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർധിക്കുന്നു.




- മത നിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു











എന്ന് ഉദ്ഘോഷിച്ച ഗുരുദേവന്റെ ആശയങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ഹയർ സെക്കന്ററി സ്ക്രൂൾ സമർപ്പിക്കുന്ന ഈ വികസന രേഖ നമ്മുടെ വിദ്യാലയത്തിനും അതിലൂടെ വിദ്യാർത്ഥികൾക്കും സമൂഹത്തിനും സാമൂഹികവും സാംസ്കാരികവുമായ വിദ്യാദ്യാസപരവുമായ ഉന്നമനം പ്രതീക്ഷിച്ചു കൊണ്ട് സവിനയം സമർപ്പിക്കുന്നു.

# നന്ദി

